വാഹനം വാടകയ്ക്ക് എടുത്ത് പണയം വച്ച് പണം തട്ടുന്ന സംഘത്തിലെ മുഖ്യപ്രതി പിടിയിൽ. കായംകുളം പുതുപ്പിള്ളി നോർത്ത് കടയിൽവടക്കതിൽ നിഥിൻ (32) നെ യാണ് ആലുവ പോലിസ് അറസ്റ്റ് ചെയ്തത്. 2019 ജൂൺ 16ന് നായത്തോട് സ്വദേശിയുടെ കാർ വാടകയ്ക്ക് എടുത്ത ശേഷം കോയമ്പത്തൂരിൽ കൊണ്ടുപോയി പണയം വയ്ക്കുകയായിരുന്നു. തുടർന്ന് ഇയാളും സംഘവും ഒളിവിൽ പോയി. ജില്ലാ പോലീസ് മേധാവി കെ. കാർത്തികിൻറെ നേതൃത്വത്തിൽ പ്രത്യേക സംഘം രൂപീകരിച്ച് അന്വേഷണം നടത്തുന്നതിനിടയിലാണ് പ്രതിയെ അറസ്റ്റ് ചെയ്യുന്നത്. ഇയാൾക്കെതിരെ കായംകുളം പോലിസ് സ്റ്റേഷനിൽ സമാനസ്വഭാവമുള്ള അഞ്ച് കേസുകൾ നിലവിലുണ്ട്. മറ്റു പ്രതികൾക്കായി അന്വേഷണം തുടരുന്നു. പോലിസ് സംഘത്തിൽ എസ്. ഐ വിപിൻ ചന്ദ്രൻ ,എ. എസ്.ഐ ബിനോജ് ഗോപാലകൃഷ്ണൻ, സി.പി.ഒ മാരായ മാഹിൻഷാ, ഹാരിസ് എന്നിവരാണ് ഉണ്ടായിരുന്നത്.